# മതബോധവും പ്രാർഥനയും

ആദം ചൊവ്വ

**അനാദി** കാലം മുതൽക്കുള്ള മനുഷ്യവംശത്തിന്റെ ചരിത്രവും നാഗരികതയും പരിശോധിക്കുമ്പോൾ വ്യക്തമാവുന്ന ഒരു യാഥാർഥ്യം, ചരിത്രാതീത കാലം മുതൽക്കുതന്നെ മനുഷ്യനിൽ ഏതെങ്കിലും തരത്തിലുള്ള ഒരു മതബോധം നിലനിന്നിരുന്നുവെന്നാണ്. ഈ പ്രപഞ്ചത്തെ നിയന്ത്രിക്കുകയും നയിക്കുകയും ചെയ്യുന്ന അനാദിയും അനന്തവുമായ ഒരു അദൃശ്യശക്തിയുണ്ടെന്നും അതിനെ ആരാധിക്കേണ്ടത് ധർമ്മമാണെന്നും മനുഷ്യവർഗം വിശ്വസിച്ചുപോന്നതിന് പല തെളിവുകളുമുണ്ട്.ചിന്താശക്തി വേണ്ടും വിധത്തിൽ രൂപം പ്രാപിക്കുകയും വികസിക്കുകയും ചെയ്യുന്നതിന്നു മുമ്പായി തന്നെ ആരാധനാ സമ്പ്രദായങ്ങൾ മനുഷ്യലോകത്ത് നിലവിൽ വന്നിരുന്നു.

പ്രകൃതിയിലെ അത്ഭുതകരമായ പ്രതിഭാസങ്ങൾ ആദിമ മനുഷ്യരിൽ ഭീതിയുണ്ടാക്കിയതിന്റെ ഫലമായി പ്രകൃതി ശക്തികളെ പ്രീതിപ്പെടുത്തണമെന്നും എങ്കിലേ രക്ഷയുള്ളുവെന്നും തോന്നിയതാണ് അവരിൽ ആരാധനയും പ്രാർത്ഥനയും നിലവിൽ വരാൻ കാരണം. ചിന്താശക്തിയും ഭാവനാശക്തിയും മൊട്ടിടുകയും വികാസം പ്രാപിക്കുകയും ചെയ്യുന്നതിന്നു മുമ്പുള്ള അനാദി കാലം മുതൽക്കാരംഭിച്ച ഈ ദൈവവിശ്വാസവും പ്രാർത്ഥനയും ചരിത്രകാലത്തും മനുഷ്യവംശത്തിൽ നിലനിന്നതായി കാണാൻ സാധിക്കും. മദ്ധ്യാഫ്രിക്കയിലെ പിഗ്മിയിലും ആസ്ത്രേല്യൻ മൈതാനിയിലെ ആദിമ നിവാസിയിലും ഈ ആദ്ധ്യാത്മിക ചൈതന്യം നിലനിന്നതായി കാണാൻ പ്രയാസമില്ല. മനുഷ്യന്റെ വളർച്ചയുടെ ഇങ്ങോട്ടുള്ള കാലത്ത് രൂപം പ്രാപിച്ച ചിന്താധാരയുടെ പരിണിത ഫലമാണ് ദൈവ സങ്കല്പവും മതബോധവും എന്ന ചില ചിന്തകരുടെ നിഗമനങ്ങൾ പൂർണ്ണമായും തെറ്റാണെന്ന് സ്ഥാപിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. പ്രാചീനവും അർവ്വാചീനവുമായ ഒരു സമുദായവും മതാത്മക സ്വഭാവത്തിൽ നിന്നു മുക്തരായിരുന്നില്ലെന്നു സുവ്യക്തമായും തെളിയിക്കപ്പെട്ടുകഴിഞ്ഞിരിക്കയാണ്. പ്രസിദ്ധനായ Henry Bevgson പറഞ്ഞതുപോലെ “ദർശനങ്ങളോ കലാശാസ്ത്രങ്ങളോ ഇല്ലാത്ത സമൂഹങ്ങൾ കാണപ്പെട്ടിട്ടുണ്ട്. എന്നാൽ മതമുക്തമായ ഒരു സമൂഹം ഇതേവരെ കാണപ്പെട്ടിട്ടില്ല.”

തികച്ചും പ്രാകൃതമായ ഒരവസ്ഥയിൽനിന്ന് മനുഷ്യവംശം അതിന്റെ രൂപഭാവങ്ങളിൽ വളർന്നു വികാസം പ്രാപിക്കാൻ തുടങ്ങിയതോടെ ദൈവസങ്കല്പവും മതബോധവും പ്രാർത്ഥനാരീതികളും പുതിയ രൂപം കൈക്കൊള്ളുകയുണ്ടായി. മനുഷ്യചേതനയിൽ ലയിച്ചുകിടന്നിരുന്ന ആധ്യാത്മിക ബോധമെന്ന സവിശേഷ പ്രേരണക്ക് സമൂർത്തമായ രൂപങ്ങൾ കൈവന്നു. വിവിധ മതങ്ങളുടെ ആവിർഭാവം ഈ മാറ്റത്തെയാണ് സൂചിപ്പിക്കുന്നത്. മതങ്ങൾക്ക് വ്യവസ്ഥാപിതമായ ഒരു രൂപം കൈവന്നതോടെ പൊതുവെ അവ, ഏതൊരു സമൂഹത്തിലും മനുഷ്യജീവിതത്തിന്റെ പ്രായോഗികവും വൈജ്ഞാനികവും വൈകാരികവുമായ സത്തകൾക്ക് രൂപവും ചൈതന്യവും മാർഗ്ഗദർശനവും നല്കിക്കൊണ്ടിരുന്ന ഏക ശക്തിയായി തീരുകയുണ്ടായി. ഓരോ മതവും വിഭാവനം ചെയ്യുന്ന ആദർശ ലക്ഷ്യങ്ങളും സിദ്ധാന്തങ്ങളും എന്തുതന്നെയായിക്കൊള്ളട്ടെ, അവയ്ക്ക് മനുഷ്യന്റെ അന്തർദാഹം ശമിപ്പിക്കുവാനും ആത്മീയമായ ചില ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുവാനും സാധിച്ചിട്ടുണ്ട്. പ്രാചീന മനുഷ്യൻ എന്തുദ്ദേശ്യത്തോടെ ആരാധനയിൽ ഏർപ്പെട്ടിരുന്നുവോ അതേ ഉദ്ദേശ്യവും ലക്ഷ്യവും നിറവേറ്റിക്കൊടുക്കുവാൻ പിന്നീടുള്ള മതങ്ങൾക്ക് വലിയ അളവോളം സാധിക്കുകയുണ്ടായി. പ്രപഞ്ചത്തിലെ സ്ഥിതിഭേദങ്ങളാൽ മനുഷ്യൻ ഇന്ദ്രിയാർഥ കർമ്മബന്ധങ്ങളിൽ പെട്ട് ജീവിതം അന്ധകൂപങ്ങളിൽ പതിക്കുമ്പോൾ അതിൽനിന്നവരെ തട്ടിയുണർത്തി ഈശ്വരധ്യാനനിരതരാക്കി അവരുടെ ഹൃദയങ്ങളിൽ ആനന്ദത്തിന്റെ ആന്ദോളനമുണ്ടാക്കാൻ മതങ്ങൾക്ക് സാധിച്ചിട്ടുണ്ട്. ജീവിത പരീക്ഷണത്തിന്റെ തപ്തമായ മരുഭൂമികളിലൂടെ യാത്ര ചെയ്യേണ്ടി വരുമ്പോഴും, നൈരാശ്യത്തിന്റെ നീർച്ചുഴിയിൽ കിടന്നു ഞെങ്ങി ഞെരുങ്ങി ഊർദ്ധശ്വാസം വലിക്കുമ്പോഴും അവന്ന് ആശ്വാസത്തിന്റെ കുളിരേകി വന്നത് പ്രാർഥനയും, ഈശ്വര വിശ്വാസവും മാത്രമായിരുന്നു. ഭൗതിക ജീവിതത്തിലെ തിക്തമായ അനുഭവങ്ങൾ അവനെ മഥിച്ചുകൊണ്ടിരുന്നപ്പോഴും അവനെ നിരാശനാക്കാതിരുന്നതും അവനിൽ ശുഭാപ്തി വിശ്വാസം ഉണ്ടാക്കിക്കൊടുത്തതും, തന്നെ കണ്ടുകൊണ്ടിരിക്കുന്ന ഒരദൃശ്യ ശക്തിയുണ്ടെന്ന ഏക വിശ്വാസമായിരുന്നു. ആ ശക്തിയോടുള്ള നിരന്തരമായ പ്രാർത്ഥനയിലൂടെ അവൻ ആശ്വാസം കണ്ടെത്തി.

## ആധുനിക നാഗരികതയിൽ

ഇതൊക്കെ കഴിഞ്ഞ കഥ. ഇന്നത്തെ സ്ഥിതിയെ ന്താണ്? ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതിയുടെ അപ്രതിഹതമായ മുന്നേറ്റം കൈവന്നിരിക്കുന്ന ഈ യുഗത്തിൽ ദൈവ സങ്കല്പവും പരലോക വിഭാവനയും അസ്തപ്രായമായ ഒന്നായിത്തീർന്നിരിക്കുന്നു. ആധുനിക നാഗരികതയുടെ അതിപ്രസരം അത്തരമൊരവസ്ഥ സംജാതമാക്കിയിരിക്കയാണ്. കഴിഞ്ഞകാല മനുഷ്യന്റെ അജ്ഞതയുടെ ഫലമാണ് മതനിഷ്ഠമായ ജീവിതം എന്ന ധാരണയാണ് ഇന്ന് നിലവിൽ വന്നിരിക്കുന്നത്. സനാതന സംസ്കാരത്തിന്റെ ആണിക്കല്ല് ഇളക്കി പ്രതിഷ്ഠിച്ചുകൊണ്ടുള്ള മുന്നേറ്റമാണ് നാം എവിടെയും കാണുന്നത്. സനാതന സിദ്ധാന്തങ്ങളെ കയ്യൊഴിച്ചുകൊണ്ടും, യുഗങ്ങളോളം മനുഷ്യരാശി ആദരിച്ചു പോന്ന മാനുഷിക മൂല്യങ്ങളെ പരിത്യജിച്ചുകൊണ്ടും ജീവിക്കുക എന്നത് അഭിനവ നാഗരികതയുടെ മുഖമുദ്രയായിതീർന്നിരിക്കുന്നു. മനുഷ്യർ മതങ്ങളുടെ ബലിഷ്ടങ്ങളായ നിയമങ്ങളെ മറികടക്കാൻ ധൃഷ്ടരാവുന്നതാണ് നാം എവിടെയും കാണുന്നത്. സനാതന മൂല്യങ്ങളെ കൈവെടിഞ്ഞു ജീവിക്കുന്നതിന്റെ ഭവിഷ്യത്തുകളെക്കുറിച്ചും മതവിശ്വാസവും ഈശ്വര ചിന്തയും പ്രാർഥനയും മനുഷ്യന്ന് എന്തുമാത്രം അനുപേക്ഷണീയമാണെന്ന വസ്തുതകളെക്കുറിച്ചും മത ചിന്തകന്മാരെപ്പോലെതന്നെ അധുനാതന മനഃശാസ്ത്ര പണ്ഡിതന്മാരും തത്വചിന്തകന്മാരും ഗഹനമായി ചിന്തിക്കുകയും വളരെ വിശദമായി പ്രതിപാദിക്കുകയും ചെയ്തിട്ടുണ്ട്. മതചിന്തകരുടെയും പണ്ഡിതന്മാരുടെയും അഭിപ്രായങ്ങളെ തല്ക്കാലം നമുക്ക് മാറ്റി നിർത്താം. കാരണം, അവർ എപ്പോഴും മതത്തിന്നനുകൂലമായാണല്ലോ സംസാരിക്കുക. എന്നാൽ ലോകത്തിലെ പ്രഗത്ഭരെന്നും ദാർശനികരെന്നും വിശ്വസിക്കാവുന്ന നിരവധി ചിന്തകന്മാരും ആധുനിക മനഃശാസ്ത്രവും വൈദ്യശാസ്ത്രവും പ്രാർഥനയെക്കുറിച്ചും ദൈവവിശ്വാസത്തെക്കുറിച്ചും എന്ത് പറയുന്നു എന്ന് പരിശോധിക്കുന്നത് ഉചിതമായിരിക്കും.

## പ്രാർഥന മനഃശാസ്ത്രത്തിന്റെ വെളിച്ചത്തിൽ

നിരവധി പരീക്ഷണ നിരീക്ഷണങ്ങളുടെയും അനുഭവജ്ഞാനത്തിന്റെയും വെളിച്ചത്തിൽ ആധുനിക മനഃശാസ്ത്രം എത്തിയിട്ടുള്ള ഏറ്റവും സവിശേഷമായ ഒരു നിഗമനം മനുഷ്യന്റെ എല്ലാ തരത്തിലുമുള്ള വേവലാതികളെയും നീക്കാൻ പര്യാപ്തമായ ശക്തിയുള്ള ഒരു ഉപാധിയാണ് പ്രാർഥന എന്നാണ്. ആധുനിക നാഗരികതയുടെ പുതിയ സംഭാവനയാണ് വേവലാതി, ഉൽക്കണ്ഠ, ഭീതി എന്നീ മാനസിക രോഗങ്ങൾ. മനുഷ്യന്റെ ശാരീരികവും മാനസികവുമായ രോഗങ്ങളുടെ കാരണങ്ങളിൽ മുഖ്യമായൊരു പങ്കു വഹിക്കുന്നു ഈ മാനസിക വിഭ്രാന്തികൾ. പ്രാർഥനയും പരാശക്തിയിലുള്ള അടിയുറച്ച വിശ്വാസവും കൊണ്ട് മാത്രമെ ഇവ പരിഹൃദമാവുകയുള്ളുവെന്നാണ് മനഃശാസ്ത്രജ്ഞന്മാർ സിദ്ധാന്തിക്കുന്നത്. ആധുനിക മനഃശാസ്ത്രത്തിന്റെ പിതാവ് എന്ന് അറിയപ്പെടുന്ന ആളും ഹാർഡ്‌വേർഡ് യൂനിവേഴ്സിറ്റിയിലെ ഫിലോസഫി പ്രൊഫസറുമായിരുന്ന വില്യം ജയിംസ് ഇക്കാര്യത്തെക്കുറിച്ച് ഒട്ടേറെ പഠനങ്ങൾ നടത്തിയിട്ടുണ്ട്. അദ്ദേഹം പറയുന്നു: "തീർച്ചയായും വേവലാതിയുടെ പരമവും പൂർണ്ണവുമായ പരിഹാരം മതവിശ്വാസമാണ്......മനുഷ്യജീവിതത്തിന്റെ പിന്നിലുള്ള ഏറ്റവും പ്രധാന ശക്തിമത വിശ്വാസമാണ്. അതിന്റെ അഭാവം മനുഷ്യജീവിതത്തിന്റെ തകിടംമറിച്ചലിന്നും നാശത്തിനുമാണ് വഴിവെക്കുക."

തന്റെ സ്നേഹിതനായ പ്രഫസർ തോമസ് ഡേവിഡ്സണിന് വില്യം ജയിംസ് ഇങ്ങനെ എഴുതി: "വർഷം കഴിയും തോറും എനിക്ക് ദൈവത്തിൽനിന്ന് അകന്നു ജീവിക്കാൻ സാധ്യമാവാതെ വന്നുകൊണ്ടിരിക്കുകയാണ്."

പ്രാർഥന മനുഷ്യന്റെ ഏതാനും മനഃശാസ്ത്ര പരമായ ആവശ്യങ്ങളെ നിറവേറ്റുന്നുണ്ടെന്ന് പ്രമാണികരായ മറ്റു പല മനഃശാസ്ത്രജ്ഞന്മാരും സിദ്ധാന്തിക്കുന്നുണ്ട്. അതിൽ പ്രധാനമായ ഒന്ന്, നമ്മുടെ പ്രശ്നങ്ങൾ എന്താണെന്ന് പ്രാർഥന നമുക്ക് ദർശനം നല്കുന്നു എന്നതാണ്. നമ്മെ ചിലപ്പോൾ ചില പ്രശ്നങ്ങൾ അലട്ടിക്കൊണ്ടിരിക്കാറുണ്ട്. അവ എന്തൊക്കെയാണ് എന്ന് നമുക്കു തന്നെ വ്യക്തമാവാത്ത വിധം ദുരൂഹതകളായിരിക്കും. പ്രശ്നങ്ങളെന്തൊക്കെയെന്ന് മനസ്സിലാവാത്തിടത്തോളം അവയ്ക്ക് പരിഹാരം കണ്ടെത്താനും സാധ്യമാവില്ല. ദൈവസന്നിധിയിലിരുന്നുകൊണ്ട് ഏകാന്തമായി പ്രാർഥിക്കുന്ന വേളയിൽ നമ്മുടെ ഓരോ പ്രശ്നത്തിന്റേയും കെട്ടഴിയുന്നു. വിഷമങ്ങൾ നാം എടുത്തു പറയുന്നു. അങ്ങനെ നമ്മുടെ പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് നമുക്കു തന്നെ അറിവ് കിട്ടുന്നു എന്നതുകൊണ്ട് പ്രാർഥന വലിയൊരനുഗ്രഹമായി പരിണമിക്കുന്നുവെന്നാണ് പണ്ഡിതരുടെ അഭിപ്രായം.

രണ്ടാമതായി, നമ്മുടെ വിഷമങ്ങളും സങ്കടങ്ങളും മറ്റുള്ളവരെ പറഞ്ഞുകേൾപ്പിക്കുമ്പോൾ മനസ്സിന് എന്തൊന്നില്ലാത്തൊരാശ്വാസം ലഭിക്കുമെന്നത് അനുഭവമാണല്ലോ. എന്നാൽ നമ്മുടെ എല്ലാ വിഷമങ്ങളും ചിലപ്പോൾ അടുത്ത സ്നേഹിതന്മാരോടോ ബന്ധുക്കളോടോ പറയാൻ പറ്റുന്നതായിരിക്കില്ല. അത്തരം കാര്യങ്ങൾ ദൈവത്തോടു തുറന്നു പറയാൻ ആരും മടികാണിക്കാറില്ല. അങ്ങനെ പ്രശ്നങ്ങൾ തുറന്നു പറയുക വഴി മനസ്സിൽ തൂങ്ങിനിൽക്കുന്ന ഭാരം കുറയുകയും ആശ്വാസം ലഭിക്കുകയും ചെയ്യുന്നു എന്നതുകൊണ്ട് പ്രാർഥന മനഃശാസ്ത്രപരമായ വലിയൊരാവശ്യം നിറവേറ്റുന്നു.

ജീവിതത്തിലെ ദുഃഖവും നൈരാശ്യവും അസഹനീയമായി തീരുമ്പോഴാണ് പലരും ആത്മഹത്യയെക്കുറിച്ച് ചിന്തിച്ചു പോകുന്നത്. ദൈവവിശ്വാസത്തിന്റെയും, പ്രാർഥനയുടെ മാസ്മരശക്തിയെക്കുറിച്ചുള്ള അറിവിന്റെയും അഭാവമാണ് ആത്മഹത്യക്കു പ്രേരിപ്പിക്കുന്ന ഒരു കാരണമെന്ന് മനഃശാസ്ത്രജ്ഞന്മാർ വ്യക്തമാക്കുന്നു.

ലോകത്തിലെ ഏറ്റവും വലിയ വ്യവസായ പ്രമുഖരിൽ ഒരാളായ ഹെന്റി ഫോർഡ് ഒരിക്കലും പരിഭ്രമിക്കാത്ത പ്രകൃതക്കാരനായിരുന്നു. 78–ാം വയസ്സിൽ അദ്ദേഹത്തോട് പ്രശസ്ത ഗ്രന്ഥകാരനായ ഡെയിൻ കാർനീഗ് ചോദിച്ചു. 'നിങ്ങൾ എപ്പോഴെങ്കിലും അസ്വസ്ഥനാകാറുണ്ടോ?' ഉടൻ വന്നു ഉത്തരം. 'ഞാൻ മാനസിക വിഷമം കൂടാതെ എപ്പോഴും സ്വസ്ഥനായാണ് കഴിഞ്ഞുകൂടുന്നത്. കാരണം എന്റെ എല്ലാ കാര്യങ്ങളും ഞാൻ ദൈവത്തിൽ ഭരമേല്പ്പിച്ചിരിക്കയാണ്.ദൈവത്തിന് കാര്യങ്ങൾ നിർവഹിക്കാൻ എന്റെ ഉപദേശം ആവശ്യമില്ല. എന്റെ എല്ലാ കാര്യങ്ങളും ദൈവം ഏറ്റെടുത്ത നിലക്ക് എല്ലാം ശരിയാകുമെന്ന വിശ്വാസം എനിക്കുണ്ട്. പിന്നെ ഞാനെന്തിന് അസ്വസ്ഥനാകുന്നു?'

ഗാന്ധിജി ഒരിക്കൽ പറഞ്ഞു:

"പ്രാർത്ഥനയില്ലായിരുന്നുവെങ്കിൽ ഞാൻ പണ്ടേ ഒരു ഭ്രാന്തനാകുമായിരുന്നു."

### മനോരോഗ വിദഗ്ധന്മാരുടെ നിഗമനങ്ങൾ

മാനസിക രോഗിയുടെ വികാരങ്ങളെയും പൂർവ്വ ചരിത്രങ്ങളെയും പറ്റി ശാസ്ത്രീയ ഗവേഷണം നടത്തി രോഗം കണ്ടുപിടിക്കുന്ന അബോധ വിശ്ലേഷണ ശാസ്ത്രം വികാസം പ്രാപിക്കാൻ തുടങ്ങിയതോടെ പ്രാർത്ഥനക്ക് മനുഷ്യന്റെ മാനസിക രോഗങ്ങളെ എത്രകണ്ട് ഭേദപ്പെടുത്താൻ സാധിക്കുമെന്ന് തെളിഞ്ഞിട്ടുണ്ട്. പ്രസിദ്ധരായ മാനസികരോഗ ശാസ്ത്രജ്ഞന്മാർ പലരും ഇക്കാര്യത്തിൽ ഏകാഭിപ്രായക്കാരാണ്. പലരും ദൈവവിശ്വാസികൾ ആയിത്തീർന്നിട്ടുണ്ടെന്നാണ് അനുഭവങ്ങൾ പഠിപ്പിക്കുന്നത്. പ്രസിദ്ധനായ ഡോ. എ.എ. ബ്രിൽ പറയുന്നത് ശരിയായ ഒരു മതഭക്തന്ന് ഒരിക്കലും ഞരമ്പുരോഗം പിടിപെടില്ലെന്നാണ്. മതം ഒരു യാഥാർത്ഥ്യമല്ലെങ്കിൽ ജീവിതമെന്നത് അദ്ദേഹം അഭിപ്രായപ്പെടുന്നു.

മറ്റൊരു പ്രസിദ്ധ മനോരോഗ ശാസ്ത്രജ്ഞനായ ഡോക്ടർ കാൾജംഗ് പറയുന്നു: കഴിഞ്ഞ മുപ്പതുവർഷക്കാലത്തിനിടക്ക് നാഗരികത പ്രാപിച്ച എല്ലാ രാജ്യങ്ങളിലെയും ധാരാളം ആളുകളുമായി ഞാൻ ബന്ധപ്പെട്ടിട്ടുണ്ട്. ആയിരക്കണക്കിനുള്ള രോഗികളെ ഞാൻ ശ്രുശ്രൂഷിച്ചിട്ടുണ്ട്. അവസാന വിശകലനത്തിൽ എനിക്കെത്തിച്ചേരാൻ സാധിച്ചിട്ടുള്ള നിഗമനം, എന്റെ രോഗികളിൽ എല്ലാവരും അവരുടെ ജീവിതത്തിന്റെ രണ്ടാം ഘട്ടത്തിൽ —അതായത് 35 വയസ്സിന് ശേഷം––മതവീക്ഷണം ജീവിതത്തിൽ സ്വീകരിക്കാത്തതിനാലാണ് വിഷമിക്കേണ്ടി വന്നിട്ടുള്ളത് എന്നാണ്. ജീവിക്കുന്ന മതങ്ങൾ എല്ലാ കാലഘട്ടത്തിലും അതിന്റെ അനുയായികൾക്ക് നല്കിക്കൊണ്ടിരിക്കുന്ന നന്മകൾ നഷ്ടപ്പെടുകയോ നിഷേധിക്കപ്പെടുകയോ ചെയ്തതിന്റെ ഫലമായാണ് മിക്കവരും രോഗികളായിത്തീർന്നതെന്ന് ധൈര്യപൂർവ്വം എനിക്ക് പറയാൻ സാധിക്കും. മതവീക്ഷണം വീണ്ടും സ്വീകരിക്കാത്തവർക്ക് യഥാർത്ഥത്തിൽ സുഖം പ്രാപിക്കാൻ സാധിച്ചിട്ടുമില്ല."

### വൈദ്യശാസ്ത്രത്തിന്റെ വീക്ഷണം

മനഃശാസ്ത്രജ്ഞന്മാരും മനോരോഗ ശാസ്ത്രജ്ഞന്മാരും മാത്രമല്ല ഉന്നത ശീർഷരായ വൈദ്യശാസ്ത്ര പടുക്കളും ജീവിതത്തിൽ മതബോധവും പ്രാർത്ഥനയും സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് വ്യക്തമായും വിധിയെഴുതിയിട്ടുണ്ട്. പ്രസിദ്ധ ശാസ്ത്രജ്ഞനും നോബൽ സമ്മാനം നേടിയ ആളുമായ ഡോ. അലക്സിസ് കാറൽ ഒരു ലേഖനത്തിൽ പറയുന്നത് ഇപ്രകാരമാണ്: "ഒരാൾക്ക് ഉല്പാദിപ്പിക്കാൻ സാധിക്കുന്ന ഏറ്റവും ശക്തമായ ഊർജ്ജമാണ് പ്രാർത്ഥന. ഭൂഗുരുത്വം പോലെ അത് ശക്തമാണ്. മനുഷ്യൻ മറ്റെല്ലാ വൈദ്യരീതികളും സ്വീകരിച്ചു പരാജയമടഞ്ഞ ശേഷം രോഗ വിമുക്തിക്ക് ആശ്രയിക്കുന്നത് സംശുദ്ധവും ഭക്തിപൂർണ്ണവുമായ പ്രാർത്ഥനയെയാണെന്ന വസ്തുത ഒരു വൈദ്യശാസ്ത്രജ്ഞനായ എനിക്കു തറപ്പിച്ചുപറയാൻ സാധിക്കും. റേഡിയം പോലെ തേജോമയവും അച്ഛവും സ്വയം ജനിപ്പിക്കുന്നതുമായ ഒരു ശക്തിയുടെ ഉറവിടമാണ് പ്രാർത്ഥന..................പ്രാർത്ഥനയിലൂടെ ദൈവത്തെ നാം അഭിസംബോധനം ചെയ്യുമ്പോൾ നമ്മുടെ ആത്മാവും മനസ്സും ശരീരവും സംശുദ്ധമായി തീരുന്നു."

ഡോക്ടർ തോമസ് ഹൈസ്ലോവ് ബ്രിട്ടീഷ് മെഡിക്കൽ അസോസിയേഷനെ അഭിമുഖീകരിച്ചുകൊണ്ട് പ്രസംഗിക്കുന്ന വേളയിൽ പറഞ്ഞു: "ഒരു വൈദ്യശാസ്ത്രജ്ഞൻ എന്ന നിലക്കുള്ള എന്റെ ദീർഘകാല ജീവിതത്തിലെ അനുഭവം മുമ്പിൽ വെച്ച് ഒരു വസ്തുത എനിക്ക് തുറന്നു പറയാൻ സാധിക്കും. അതായത് നന്നായി ഉറങ്ങാൻ സഹായിക്കുന്ന ഒരുപാധി പ്രാർത്ഥനയാണ്. പ്രാർത്ഥന ശീലമാക്കിയിരിക്കുന്ന ഒരാൾക്ക് സുഖനിദ്ര കിട്ടാതെ വയ്യ."

### മഹാന്മാരും പ്രാർത്ഥനയും

മഹാന്മാരായ പലരും പ്രാർത്ഥനയുടെ ഗുണത്തെക്കുറിച്ച് പറയുക മാത്രമല്ല അതിനെ ഒരിക്കലും കൈവെടിയാതെ നിലനിർത്തിവന്നതായും കാണാൻ സാധിക്കും. എന്തെങ്കിലും നല്ല കാര്യങ്ങൾ ചെയ്യാൻ ആരംഭിക്കുന്നതിന്നു മുമ്പായോ അതിന്നു ശേഷമോ ഉറങ്ങാൻ കിടക്കുമ്പോഴോ പ്രാർത്ഥിക്കുന്ന പതിവ് ഒട്ടനവധി മഹാന്മാർക്കുണ്ടായിരുന്നു.

ബ്രിട്ടന്റെയും അമേരിക്കയുടെയും സുപ്രീം കമാണ്ടർ എന്ന നിലക്ക് ഐസനോവർ ഇംഗ്ലണ്ടിലെ യുദ്ധ രംഗത്തേക്ക് പറന്നപ്പോൾ അദ്ദേഹം തന്റെ കൂടെ ഒരേ ഒരു സാധനം മാത്രമേ കൊണ്ടുപോയുള്ളൂ. അത് ബൈബിളായിരുന്നു.

ചിയാങ്ങ് കൈഷക്ക്, ജനറൽ മോണ്ട് ഗോമറി, ലോർഡ് നെൽസൺ ജനറൽ വാഷിങ്ങ്ടൺ എന്നിങ്ങനെ നിരവധി പ്രശസ്തരായ ജനറൽമാരുടെ ജീവിതം ഒന്നു പരിശോധിച്ചു നോക്കൂ! അവർ യുദ്ധരംഗത്തേക്ക് പുറപ്പെടുന്നതിന്ന് മുമ്പായി മുട്ട് മടക്കി പ്രാർത്ഥനയിൽ നിരതരാവാറുണ്ടായിരുന്നു.

യുദ്ധരംഗത്തുപോലും അവർ ചില സമയങ്ങളിൽ പ്രാർത്ഥനയിൽ ഏർപ്പെടാറുണ്ടായിരുന്നു. തങ്ങളുടെ സാമർത്ഥ്യമല്ല മറിച്ച് മറ്റൊരു ശക്തിയുടെ അപാരമായ കഴിവാണ് വിജയത്തിന്നു നിദാനം എന്നു അവർ വിശ്വസിച്ചിരുന്നു. പ്രാർത്ഥനയുടെ മാസ്മരശക്തിയിലുള്ള വിശ്വാസവും മനസ്സിന് അതു നല്കുന്ന അസാമാന്യമായ ആശ്വാസവും അവർക്ക് ശരിക്കും ബോധ്യമായിരുന്നു.

മതവിശ്വാസങ്ങളും പ്രാർത്ഥനയും പഴഞ്ചനും യാഥാസ്ഥിതികവുമാണെന്നു വിശ്വസിക്കുകയും ധാർമ്മികവും സനാതനവുമായ മൂല്യങ്ങളെ പുച്ഛിച്ചുതള്ളി, ജീവിത സുഖഭോഗത്തിന് പുതിയ പുതിയ മേച്ചിൽ സ്ഥലങ്ങൾ അന്വേഷിച്ചുപോവുകയും ജീവിതത്തിൽ അവസാനം വ്യർത്ഥതയും അതുമൂലമുണ്ടാകുന്ന നൈരാശ്യവും ഹൃദയ മസ്തിഷ്കങ്ങളിൽ ശൂന്യതയും മാത്രം അവശേഷിക്കുകയും ചെയ്യുന്ന, ആധുനിക നാഗരികതയിൽ ജീവിക്കുന്ന 'പുരോഗമനേച്ഛുക്കൾ' ദൈവവിശ്വാസത്തേയും പ്രാർത്ഥനയേയും സംബന്ധിക്കുന്ന അധുനാതന ശാസ്ത്രീയ നിഗമനങ്ങളെയും മഹാന്മാരുടെ ജീവിതരീതിയേയും ശ്രദ്ധിക്കുന്നത് നന്ന്.

●